25/6/21

DESPATCHED
On..5/7/21......


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP No. 538(1)/2019/SICതീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽനമ്പർ: 5155/SIC-G4/2019)**

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ

തീയതി : 2021 ജൂൺ 25

ശ്രീ. ബിജു തോമസ്,
എസ്.എസ്.ജി.ഒ.(ജി) 6722,
കുറവിലങ്ങാട് പോലീസ് സ്റ്റേഷൻ,
കോട്ടയം ജില്ല.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
രാമപുരം പോലീസ് സ്റ്റേഷൻ,
രാമപുരം, കോട്ടയം.

2) അപ്പീൽ അധികാരി&
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ ഓഫീസ്,
പാലാ, കോട്ടയം.
} എതിർകക്ഷികൾ

## അന്തിമഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 06/06/2019-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ എതിർകക്ഷിയായിരുന്ന ശ്രീ. ജർലിൻ വി.സ്കറിയ സമർപ്പിച്ച വിശദീകരണവും, നേരിൽ കേട്ട വേളയിൽ ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു.

2. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട 5 ചോദ്യങ്ങളിൽ എല്ലാ ഇനത്തിനും മറുപടി നൽകുന്നതിന് അത്യന്തം ശ്രദ്ധ ചെലുത്തിയിരുന്നെന്നും മന:പ്പൂർവ്വമോ ബോധപ്പൂർവ്വമോ ആയ വീഴ്ചകൾ ഒന്നും ടിയാൻ വരുത്തിയിട്ടില്ലെന്നും 4-ാം ഇനത്തിന് പരിശോധനയിൽ കാണുന്നില്ല എന്ന മറുപടി

നൽകുവാൻ ഇടയായത് ടി ഇനം സംബന്ധിച്ച് താനല്ലാതെ മറ്റാരെങ്കിലും അപേക്ഷയിന്മേൽ അന്വേഷണം നടത്തിയിരുന്നോ എന്ന് തെറ്റിദ്ധരിച്ച് മനസ്സിലാക്കിയത് കൊണ്ടാണെന്നും ഇക്കാര്യത്തിൽ തന്റെ ഭാഗത്ത് നിന്നും മന:പ്പൂർവ്വമോ ബോധപ്പൂർവ്വമോ ആയ വീഴ്ചകൾ ഒന്നും ഉണ്ടായിട്ടില്ലെന്നും മറ്റുമാണ് ശ്രീ. ജർലിൻ വി.സ്കറിയ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളത്.

3. ശ്രീ. ജർലിൻ വി.സ്കറിയ കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയ വിശദീകരണം വസ്തുതാപരമാണെന്നും അപേക്ഷയിലെ 4-ാം ഇനത്തിന് മറുപടി മന:പ്പൂർവ്വമോ ബോധപ്പൂർവ്വമോ തെറ്റായി നൽകിയതല്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന ശ്രീ. ജർലിൻ വി.സ്കറിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാനുള്ള താത്ക്കാലിക തീരുമാനം അവസാനിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2021 ജൂൺ 25-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യവിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി